# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2896** **18.06.2019 ൽ മറുപടിക്ക്**

**ഈരാറ്റുപേട്ട വാഗമൺ റോഡ്**

| **ചോദ്യം**<br>**ശ്രീ.പി.സി. ജോർജ്** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി 66.61 കോടി രൂപ അനുവദിച്ച ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) അതിർത്തി കല്ല് സ്ഥാപിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് ശേഷം ഡിസൈൻ അനുസരിച്ചുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതും ടെണ്ടറിൽ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. |
| (ബി) | RICK (റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്)ന് റോഡ് നിർമ്മാണ ചുമതല കൈമാറിയിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും പുറമ്പോക്ക് നിർണ്ണയം പോലും പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; ഇത് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 2017 ഡിസംബർ മാസത്തെ ഉത്തരവ് പ്രകാരമാണ് ഈ പ്രവൃത്തിക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുള്ളത് .ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വീതി കൂട്ടുന്നതിന് 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി 4.458 കോടി രൂപ ഭരണാനുമതി സർക്കാർ ഉത്തരവ്(G.O.Rt No.801/2018/PWD dated :06/05/2018) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട ,തീക്കോയി എന്നീ വില്ലേജുകളിലെയും ഇടുക്കി ജില്ലയിൽ വാഗമൺ വില്ലേജിന്റെയും സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ട,തീക്കോയി എന്നീ വില്ലേജുകളുടെ 6 (1 ) നോട്ടിഫിക്കേഷൻ |

ലഭിച്ച . ഇടുക്കി ജില്ലയിൽ 6 (1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി റിക്വസിഷൻ ഫോറം ഇടുക്കി ജില്ലാ കളക്ടർക്ക് 17.09.2018 ൽ നൽകിയിട്ടുണ്ട്. അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ നിന്നും ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥ കാരണം ടെർമിനേറ്റ് ചെയ്യുകയും ബാക്കി പ്രവൃത്തി പുനഃക്രമീകരിച്ച് ചെയ്യുവാൻ 31.05.2019 ന് ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ രണ്ടാഴ്ചത്തേക്ക് ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ ഒരു പ്രവൃത്തിയും നടത്തരുതെന്ന് ഹൈകോടതിയിൽ നിന്നും താൽക്കാലിക സ്റ്റേ വാങ്ങുകയുണ്ടായി . പുതിയ കരാർ നൽകിയതിനു ശേഷം ടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് .

(സി) മധ്യ കേരളത്തിലെ പ്രധാന ടൂറിസം പാതയായ പ്രസ്തുത റോഡിന്റെ നിർമ്മാണം വേഗത്തിലാക്കുവാൻ പ്രത്യേക യോഗം വിളിച്ചുചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) പരിശോധിക്കുന്നതാണ് .

**സെക്ഷൻ ഓഫീസർ**